## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7538 | 14.07.2014 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ കേന്ദ്രങ്ങളിലെ സുരക്ഷാ പാളിച്ചകൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, പി. തിലോത്തമൻ<br>,, ജി. എസ്. ജയലാൽ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര നിർഭയ കേന്ദ്രങ്ങ ളുണ്ട് ; ഈ കേന്ദ്രങ്ങളിലെല്ലാം കൂടി എത്ര അന്തേവാസികളുണ്ടെന്ന് കണക്കാക്കിയിട്ടു ണ്ടോ ; വിശദവിവരം നൽകാമോ; | (എ) സംസ്ഥാനത്ത് ആകെ 10 നിർഭയ കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളിലെല്ലാം കൂടി 107 അന്തേവാസികളുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. വിവിധ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിലാണ് ടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>കേരള മഹിളാ സമഖ്യ സൊസൈറ്റി - തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്,മലപ്പുറം, കാസർഗോഡ്<br>അന്വേഷി - കോഴിക്കോട്<br>കൾച്ചറൽ അക്കാദമി ഫോർ പീസ് - എറണാകുളം<br>ബദേസ്ത - തൃശ്ശൂർ |
| (ബി) പ്രസ്തുത കേന്ദ്രങ്ങളിൽ സുരക്ഷാപാളി ച്ചകൾ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സുരക്ഷാ പാളിച്ചകൾ സംഭവിച്ചിട്ടില്ല. തിരുവനന്തപുരം നിർഭയ ഷെൽട്ടർ ഹോമിൽ നിന്നും ഒരു പെൺകുട്ടിയെ കടത്തുവാനുള്ള ശ്രമം വിഫലമാക്കുകയാണ് ഉണ്ടായത്. ഓരോ നിർഭയ കേന്ദ്രങ്ങളിലും 2 സെക്യൂരിറ്റി ജീവനക്കാർ,വാർഡൻ, കുക്ക് എന്നിവരുടെ മുഴുവൻ സമയ സേവന സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ